ഉത്തരം

(എ, ബി) ഗുരുവായൂർ ക്ഷേത്രത്തിൽ പാരമ്പര്യ കഴകക്കാരിൽ നിന്നല്ലാതെ പുറത്തുള്ള മാർക്കറ്റിൽ നിന്നും പൂവ് വാങ്ങിക്കുന്നത് അനുവദനീയമല്ല പ്രതിമാസം കഴകക്കാർക്ക് പൂവിന്റെ വിലയായി ശരാശരി 20,000-ത്തിനും 30,000-ത്തിനുമിടയ്ക്ക് ഗുരുവായൂർ ദേവസ്വം പണം നൽകാറുണ്ട്. കൊച്ചി ദേവസ്വത്തിലെ ക്ഷേത്രങ്ങളോടു ചേർന്നുള്ള പൂന്തോട്ടങ്ങളിലെ പുഷ്പങ്ങൾ മാത്രമാണ് ക്ഷേത്രങ്ങളിലെ ആവശ്യത്തിനുപയോഗിക്കുന്നത്. തിരുവിതാംകൂർ ദേവസ്വം ബോർഡിനു കീഴിലുള്ള ക്ഷേത്രങ്ങളിലും സ്ഥിരം പൂജകൾ കൂടാതെ ഭക്തജനങ്ങളുടെ വഴിപാടുകൾക്കനുസരിച്ചും പൂജകൾ നടത്തേണ്ടതിനാൽ പുഷ്പ ആവശ്യകതയുടെ ഏകദേശ കണക്ക് പറയുക പ്രയാസമാണെന്നറിയിച്ചിട്ടുണ്ട്. തിരുവിതാംകൂർ, കൊച്ചി, ഗുരുവായൂർ ദേവസ്വങ്ങളിലൊന്നും നേരിട്ട് അന്യസംസ്ഥാനങ്ങളിൽ നിന്നും പുഷ്പങ്ങൾ വരുത്തുന്നില്ല.

പെരുവനം കൊട്ടാരം സംരക്ഷിക്കുന്നതിന് നടപടി

91(1573) ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള പെരുവനം കൊട്ടാരം (തൃശ്ശൂർ ജില്ല, ചേർപ്പ് നിയോജകമണ്ഡലം) സംരക്ഷിക്കുന്നതിന് ബോർഡ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ് എന്ന് വിശദമാക്കുമോ;

(ബി) ക്ഷേത്ര അനുഷ്ഠാനകലകൾ അഭ്യസിക്കുന്നതിനുള്ള പഠനകേന്ദ്രത്തിന്റെ പ്രവർത്തനം ഇപ്പോൾ നടക്കുന്നുണ്ടോ എന്നു വിശദമാക്കാമോ;

(സി) ഈ സ്ഥാപനത്തിന്റെ ചുമതല ആരെയാണ് എല്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) ഉന്നതമായ ഒരു കലാകേന്ദ്രമായി ഈ സ്ഥാപനത്തെ ഉയർത്തുന്നതിന് ബോർഡ് ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-ഡി) വിവരം തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നിന്നും ശേഖരിച്ചുവരുന്നു.

എച്ച്.ആർ.സി. കമ്മീഷണറുടെ സാമ്പത്തിക സഹായം

92(1574) ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) കോഴിക്കോട് ജില്ലയിലെ എലത്തൂർ, തലക്കളത്തൂർ, നന്മണ്ട, പനങ്ങാട്, ബാലുശ്ശേരി, ഉള്ളിയേരി, അത്തോളി പഞ്ചായത്തുകളിൽ എച്ച്.ആർ.സി.ഇ. കമ്മീഷണറുടെ സാമ്പത്തിക സഹായം നൽകിവരുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ക്ഷേത്രങ്ങളുടെ പേരും സംഖ്യയും പഞ്ചായത്ത് അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

ഉത്തരം

(എ) പനങ്ങാട്, അത്തോളി പഞ്ചായത്തുകളിലെ ക്ഷേത്രങ്ങൾക്ക് ഹിന്ദുമത ധർമ്മ സ്ഥാപന (ഭരണ) വകുപ്പിൽ നിന്നും കഴിഞ്ഞ വർഷം ധനസഹായം നൽകിയിട്ടുണ്ട്.

(ബി) പനങ്ങാട് പഞ്ചായത്തിലെ ബാലുശ്ശേരി കോട്ടചാല ഭഗവതി ക്ഷേത്രത്തിന് നാല്പതിനായിരം രൂപയും നിർമ്മല്ലൂർ നിരസിംഹമൂർത്തി ക്ഷേത്രത്തിന് പതിനെട്ടായിരത്തി ഒരു നൂറ്റി എഴുപത്തിയെട്ട് രൂപയും, അത്തോളി പഞ്ചായത്തിലെ മൊടക്കല്ലൂർ ദുർഗ്ഗാഭഗവതി ക്ഷേത്രത്തിന് ആയിരത്തി നാനൂറ്റി ഇരുപത്തിയഞ്ച് രൂപയുമാണ് ധനസഹായമായി നൽകിയിട്ടുള്ളത്.

പരിസ്ഥിതി-കടൽത്തീര വികസന ടൂറിസം

93(1576) ഡോ. എം. എ. കുട്ടപ്പൻ:

ശ്രീ. വി. ജെ. പൗലോസ്:

ശ്രീ. പി. ജെ. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിസ്ഥിതി-കടൽത്തീര വികസന ടൂറിസം സംസ്ഥാനത്ത് ഏർപ്പെടുത്തുന്നുണ്ടോ; എങ്കിൽ ഇതിനുവേണ്ടി ഏതെല്ലാം കടൽത്തീരങ്ങളാണ് തെരഞ്ഞെടുത്തിട്ടുള്ളത്;

(ബി) ഈ തീരപ്രദേശങ്ങളുടെ വികസനത്തിന് എന്തു തുക ചെലവഴിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ, ബി) പരിസ്ഥിതി കടൽത്തീര വികസന ടൂറിസം എന്ന പേരിൽ പദ്ധതികളൊന്നും നടപ്പാക്കുന്നില്ല. എന്നിരുന്നാലും കേരളത്തിലെ വിവിധ കടലോരങ്ങളുടെ വികസനത്തിനായി കേന്ദ്ര സർക്കാർ കടലോര ടൂറിസം സർക്യൂട്ടിന് അനുമതി നൽകിയിട്ടുണ്ട്. കടലോര ടൂറിസം സർക്യൂട്ടിൽ 6 കടൽത്തീരങ്ങളുടെ വികസനത്തിനായി 798 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. കടലോര ടൂറിസം സർക്യൂട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള തീരങ്ങളും അനുവദിച്ച തുകയും ചുവടെ ചേർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly